**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922</u>** **<u>30-06-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സസ്യജാലങ്ങളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കടൽത്തീര ശോഷണത്തിന്റെയും രൂക്ഷമായിക്കൊണ്ടിരിക്കുന്ന കടലാക്രമണത്തിന്റെയും പശ്ചാത്തലത്തിൽ നദീതീര സ്വാഭാവിക സസ്യജാലങ്ങളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ 2007 വർഷത്തി ആലപ്പുഴ ബീച്ച് മുതൽ പുന്നപ്ര വരെ തോട്ടപ്പള്ള പൊഴിമുഖത്തും മാരാരിക്കുളം വടക്ക പഞ്ചായത്തിലെ കുറ്റിയാടി കടപ്പുറത്തും കാറ്റാട തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 2021 വർഷത്തിൽ മാരാരിക്കുളം വടക്ക് പഞ്ചായത്ത അതിർത്തി വരെ ഒരു ലക്ഷ കാറ്റാടിത്തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട് എറണാകുളം ജില്ലയിലെ തീരവനം പദ്ധതിയുടെ ഭാഗമായി ചേറായി, വളപ്പ് എന്നീ സ്ഥലങ്ങളി കാറ്റാടിത്തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. 2017 18-ൽ ചാപ്പാ ബീച്ചിലും, 2021-22 വർഷത്തി മാലിപ്പുറത്തും കാറ്റാടി തൈകൾ വ പിടിപ്പിച്ചിട്ടുണ്ട്.<br><br>കണ്ടൽക്കാടുകളെ സംരക്ഷിക്കാനായ വനം വകുപ്പ് വിവിധ പദ്ധതിക നടത്തിവരുന്നുണ്ട്. വേമ്പനാട്, കണ്ണൂ ഭാഗങ്ങളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള പദ്ധതി 2006-07 വർഷം മുതൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. Conservation and Management of Mangroves (60 % CSS എന്ന പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാര വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ട പദ്ധതി പ്രകാരം കണ്ടൽത്തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം പൂവരശ്ശ് എന്നിവയും വനം വകുപ്പ് ഉത്പാദിപ്പി നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ |

| | | | |
|---|---|---|---|
| | | | നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽച്ചെട നടുന്നവർക്കും സംരക്ഷിക്കുന്നവർക്ക പ്രോൽസാഹനമായി പ്രസ്തുത സ്കീമിത ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ കണക്ഷൻ, ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണം മീൻകുഞ്ഞുങ്ങളുടെ വിതരണം എന്ന പ്രവൃത്തികളും നടത്തിവരുന്നു. സ്വകാര വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/- രൂ നിരക്കിൽ സർക്കാർ ഉത്തരവ് സ.ഉ(സാധാ നമ്പർ.485/16/വനം തീയതി 24/12/16-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് ധനസഹായ നൽകി വരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേക്കായ സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകള നടത്തി വരുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേനയു കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റ ബോധവൽക്കരണം നടത്തുന്നുണ്ട്. |
| (ബി) | കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് എന്ന പദ്ധതി പ്രകാരം വേമ്പനാട്ട് കായൽത്തീരത്തും കണ്ണൂരിലെ വിവിധ ഭാഗങ്ങളിലും കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ നടത്തിവരുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് എന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സംസ്ഥാന വിഹിതമായി ആകെ 178.19 ലക്ഷം രൂപ (60:40 CSS) ലഭിക്കുകയും ആയത് വേമ്പനാട്ട് കായൽത്തീരത്തും കണ്ണൂരിലെ വിവിധ ഭാഗങ്ങളിലും കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി വിനിയോഗിക്കുകയും ചെയ്തിരുന്നു. ടി പദ്ധതി പ്രകാരം 2019-20 വർഷത്തിൽ വേമ്പനാട് മേഖലയിൽ 2,09,000 കണ്ടൽത്തൈകൾ, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന 1,51,000 കണ്ടൽ അനുബന്ധ തൈകൾ, 40,500-രാമച്ചത്തൈകൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. കണ്ണൂർ മേഖലയിൽ ടി വർഷം 75,000 കണ്ടൽത്തൈകൾ, 1,40,000 കണ്ടൽ അനുബന്ധ തൈകൾ, 25,000 രാമച്ചത്തൈകൾ, 53,000 കാറ്റാടിത്തൈകൾ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. 10 ബയോഗ്യാസ് പ്ലാന്റുകൾ അർഹരായ തദ്ദേശീയർക്ക് അനുവദിച്ചിട്ടുണ്ട്. 2020-21, 2021-22 വർഷങ്ങളിൽ ഈ പദ്ധതിയ്ക്ക് കേന്ദ്ര അനുമതി ലഭിച്ചില്ല. |
| (സി) | അതത് പ്രദേശത്തിനനുയോജ്യമായ കണ്ടൽക്കാടുകളും തീരപ്രദേശങ്ങളിൽ | (സി) | കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് എന്ന പദ്ധതി പ്രകാരം വനം വകുപ്പ് |

| | | | |
|---|---|---|---|
| | നട്ടുപിടിപ്പിക്കാവുന്ന തൈകളും ഉല്പാദിപ്പിച്ച് നട്ടുപിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് നേരിട്ട് നടത്തിവരുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | | കണ്ടൽത്തൈകളും, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. |
| (ഡി) | പൊതു ഉടമസ്ഥതയിലും ലഭ്യമായ മറ്റെല്ലാ ഉചിതമായ സ്ഥലങ്ങളിലും വകുപ്പും തീരദേശവാസികളും സന്നദ്ധ സംഘടനകളും ചേർന്ന് പൊതുജന പങ്കാളിത്തത്തോടെ കണ്ടൽ വനവത്ക്കരണ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് എന്ന പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽത്തൈകളും, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ